**15 -ാം കേരള നിയമസഭ**

**7 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2035** **09-12-2022 - ൽ മറുപടിയ്ക്ക്**

**സാമൂഹ്യ സുരക്ഷാ മിഷൻ മുഖേന ചികിത്സാസഹായം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീമതി സി. കെ. ആശ,<br>ശ്രീ . മുഹമ്മദ് മുഹസിൻ,<br>ശ്രീ പി എസ് സുപാൽ,<br>ശ്രീ. സി.സി. മുകുന്ദൻ | | ഡോ. ആർ ബിന്ദു<br>(ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനത്ത് സാമൂഹ്യ സുരക്ഷാ മിഷന്റെ പ്രവർത്തനം വിലയിരുത്തിയിട്ടുണ്ടോ; മിഷൻ മുഖേന ഏതൊക്കെ രോഗങ്ങളുടെ ചികിത്സകൾക്കും ശസ്ത്രക്രിയകൾക്കുമാണ് ധനസഹായം നൽകിവരുന്നത്; വ്യക്തമാക്കുമോ; | (എ) | **ഉണ്ട്. കേരള സാമൂഹ്യ സുരക്ഷാ മിഷൻ മുഖേന 18 വയസ്സിന് താഴെ പ്രായമുള്ള മാരകരോഗം ബാധിച്ച കുട്ടികൾക്ക് താലോലം പദ്ധതി പ്രകാരവും, ക്യാൻസർ സുരക്ഷാ പദ്ധതി പ്രകാരവും, സൗജന്യ ചികിത്സ തെരഞ്ഞെടുത്ത ആശുപത്രികൾ മുഖേന ലഭ്യമാക്കി വരുന്നു. ശ്രുതിതരംഗം പദ്ധതിയിൽ 5 വയസ്സിന് താഴെ പ്രായമുള്ള കുട്ടികൾക്ക് സൗജന്യ കോക്ലിയാർ ഇംപ്ലാന്റേഷൻ സർജറി നടത്തുന്ന പദ്ധതിയും നടപ്പാക്കി വരുന്നുണ്ട്. കൂടാതെ പ്രസ്തുത പദ്ധതിയിൽ ഉൾപ്പെടുത്തി ധ്വനി പദ്ധതിയും, കോക്ലിയാർ ഇംപ്ലാന്റേഷൻ ശസ്ത്രക്രിയ കഴിഞ്ഞ കുട്ടികളുടെ അനുബന്ധ ഉപകരണങ്ങളുടെ മെയിന്റനൻസ് എന്നിവയും നിലവിൽ നടപ്പാക്കി വരുന്നു.**<br><br>**സമാശ്വാസം- 1 പദ്ധതി പ്രകാരം ഡയാലിസിസ് ചെയ്യുന്ന രോഗികൾക്കും, സമാശ്വാസം-2 പദ്ധതി പ്രകാരം കിഡ്നി/ലിവർ മാറ്റി വയ്ക്കൽ ശസ്ത്രക്രിയക്ക് വിധേയരായവർക്കും (5 വർഷം വരെ), സമാശ്വാസം - 3പദ്ധതി പ്രകാരം ഹീമോഫീലിയ രോഗികൾക്കും, സമാശ്വാസം - 4 പദ്ധതി പ്രകാരം സിക്കിൾ സെൽ അനീമിയ രോഗം ബാധിച്ചവർക്കും, വി-കെയർ പദ്ധതി വഴി ഗുരുതര രോഗം ബാധിച്ച ഗുണഭോക്താക്കൾക്ക് കരൾ-കിഡ്നി-മജ്ജ മാറ്റിവെക്കൽ ശസ്ത്രക്രിയകൾ, ഹൃദയ സംബന്ധമായ ശസ്ത്രക്രിയകൾ, നാഡീ സംബന്ധമായ ചികിത്സകൾ, ഡീപ്പ് ബ്രെയിൻ സ്റ്റിമുലേഷൻ സർജറി, മറ്റ് അടിയന്തിര ശസ്ത്രക്രിയകൾ എന്നിവക്ക് ഗുണഭോക്താക്കളുടെ സാമ്പത്തിക സ്ഥിതിയും, രോഗത്തിന്റെ ഗുരുതരാവസ്ഥയും,** |

| | | | |
|---|---|---|---|
| | | | **ചികിത്സാ ചെലവും വിലയിരുത്തി ചികിത്സക്കാവശ്യമായ സഹായം നൽകി വരുന്നു.** |
| (ബി) | പതിനെട്ട് വയസ്സുവരെയുള്ള കുട്ടികളുടെ ക്യാൻസർ രോഗചികിത്സ പൂർണ്ണമായും സൗജന്യമായി നടപ്പാക്കുന്ന ക്യാൻസർ സുരക്ഷാപദ്ധതിയുടെ പ്രവർത്തനം വിലയിരുത്തിയിട്ടുണ്ടോ; വിശദമാക്കുമോ; ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (ബി) | **ഉണ്ട്. പദ്ധതിയിൽ രജിസ്റ്റർ ചെയ്യുന്ന കുട്ടികളുടെ ചികിത്സ സംബന്ധിച്ച വിശദാംശം, ചികിത്സയ്ക്ക് ആവശ്യമായ ചെലവ് എന്നിവ അടങ്ങുന്ന വിശദമായ റിപ്പോർട്ട് എല്ലാ മാസവും ബന്ധപ്പെട്ട ആശുപത്രികളിൽ ശേഖരിക്കുകയും, ആയത് വിലയിരുത്തി ആവശ്യമായ ഫണ്ട് ആശുപത്രികൾക്ക് മുൻകൂറായി അനുവദിച്ച് നൽകുന്നുണ്ട്.** |
| (സി) | നിർദ്ധനരായ രോഗികൾക്കുള്ള ജീവൻരക്ഷാ ശസ്ത്രക്രിയകൾക്ക് ധനസഹായം അനുവദിക്കുന്നതിൽ കാലതാമസം ഒഴിവാക്കുവാൻ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കുമോ; | (സി) | **താലോലം, ക്യാൻസർ സുരക്ഷ പദ്ധതികളിൽആവശ്യമായ ഫണ്ട് മുൻകൂറായി നൽകുന്നതിനാൽ ധനസഹായം അനുവദിക്കുന്നതിൽ കാലതാമസം ഉണ്ടാകുന്നില്ല. ശ്രുതിതരംഗം പദ്ധതിയിൽ ആവശ്യമായ ഇംപ്ലാൻറ് കമ്പനിയിൽ നിന്നും സപ്ലൈ ഓർഡർ മുഖേന മുൻകൂറായി വാങ്ങുന്നതിനാൽ സർജറിയ്ക്ക് കാലതാമസം ഉണ്ടാകുന്നില്ല. നിർദ്ധനരായ രോഗികളുടെ ജീവൻരക്ഷാ ശസ്ത്രക്രിയകൾക്ക് ധനസഹായം അനുവദിക്കുന്നതിനായുള്ള വീ കെയർ പദ്ധതിക്ക് ബഡ്ജറ്റ് വിഹിതം വകയിരുത്താറില്ല. വീ കെയർ പദ്ധതി പ്രവർത്തിക്കുന്നത് സർക്കാർ-അർദ്ധസർക്കാർ, പൊതുമേഖലാ സ്ഥാപനങ്ങൾ, പൊതുജനങ്ങൾ, തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ, സഹകരണ സ്ഥാപനങ്ങൾ, പൊതുജനങ്ങൾ, എന്നിവരിൽ നിന്നും ലഭിക്കുന്ന സംഭാവനകളിലൂടെയാണ്. ഇതിനായി ധനസമാഹരണ പ്രവർത്തനങ്ങൾ ഊർജ്ജിതമായി നടപ്പാക്കി വരുന്നു.** |
| (ഡി) | സാമൂഹ്യസുരക്ഷാ മിഷന്റെ പ്രവർത്തനങ്ങൾ ശക്തിപ്പെടുത്താൻ നടപ്പാക്കുന്ന പുതിയ പദ്ധതികൾ വിശദമാക്കുമോ? | (ഡി) | പുതിയ പദ്ധതികളൊന്നും തന്നെ നിലവിൽ പരിഗണനയിലില്ല. |

സെക്ഷൻ ഓഫീസർ